# STD - I

## അദ്ധ്യാപക സഹായി

## പാഠം – പത്ത്    നമ്മുടെ വീട് ദൈവഭവനം  ഭാഗം – ഒന്ന്

### ലക്ഷ്യം

ദൈവമാണ് നമുക്ക് വീടുകൾ നൽകിയത്. നമ്മുടെ വീട്ടിൽ ദൈവം വസിക്കുന്നു. ദൈവം തന്ന വീട്ടിലുള്ള എല്ലാവരേയും ദൈവം സ്നേഹിക്കുന്നു. വീട്ടിലെ എല്ലായിടത്തും ദൈവമുണ്ട്. ദൈവം തന്നെ എന്റെ വീടിനെയും, മാതാപിതാക്കളെയും, സഹോദരങ്ങളെയും ഞാൻ സ്നേഹിക്കും. എല്ലാവരുമൊത്ത് ഐക്യത്തിൽ ജീവിക്കും.

### പഠനസഹായികൾ

* You Tube Video Clip – അണ്ണാറക്കണ്ണൻ, കാക്ക, മുയൽ, എലി എന്നിവയുടെ വാസസ്ഥലം
* ചിത്രം – ഉണ്ണീശോയുടെ തിരുക്കുടുംബത്തിന്റെ
* വീഡിയോ – വീടും മുറികളും, അതിലെ അംഗങ്ങളുമടങ്ങിയതിന്റെ
* വീട്ടിലെ അംഗങ്ങളുടെ പേര് എഴുതിയ ചാർട്ട് ഫോട്ടോസഹിതം.

### പാഠത്തിന്റെ ഉള്ളടക്കം

* ഭൂമിയിലെ ഓരോ ജീവിക്കും വസിക്കാൻ അവരുടേതായ ഒരു വീടുണ്ട്.
* അണ്ണാറക്കണ്ണന് മരപ്പൊത്തും, കാക്ക കാക്കക്കൂട്ടിലും, എലിക്കും മുയലിനും മാളവുമുണ്ട്. കുഞ്ഞുറുമ്പിനും അതിന്റേതായ വീടുണ്ട്.
* ദൈവമാണ് ഓരോരുത്തർക്കും പറ്റിയ വീടുകൾ നൽകിയത്.
* ഉണ്ണീശോയ്ക്കും ഒരു വീടുണ്ടായിരുന്നു – നസ്രത്തിൽ
* ദൈവം നമുക്കും ഒരു വീട് തന്നിട്ടുണ്ട്. ആ വീട്ടിൽ ദൈവം നമുക്കു നൽകിയ മാതാപിതാക്കളും സഹോദരങ്ങളുമുണ്ട്.
* ദൈവം നൽകിയ വീട്ടിൽ ദൈവം എപ്പോഴും എല്ലായിടത്തുമുണ്ട്. കളിക്കുന്നിടത്ത്, പഠിക്കുന്നിടത്ത്, ഉണ്ണുന്നിടത്ത്, ഉറങ്ങുന്നിടത്ത്. അങ്ങനെ എല്ലായിടത്തും ദൈവം ഉണ്ട്.
* ദൈവം എല്ലാവരേയും സ്നേഹിക്കുന്നു.

### പ്രാർത്ഥന

സ്നേഹനിധിയായ ദൈവമെ, അങ്ങ് ഞങ്ങൾക്ക് നല്കിയ ഭവനത്തിൽ വസിക്കുന്ന ഞങ്ങളുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ. ആമേൻ.

## ചോദ്യങ്ങൾ

1. ആരാണ് ഈ ഭൂമിയിലെ ഓരോ ജീവിക്കും പറ്റിയ വീടുകൾ നൽകിയത്?
2. ഈശോയുടെ വീട് എവിടെയായിരുന്നു?
3. നിങ്ങളുടെ വീട്ടിലെ അപ്പനെയും അമ്മയെയും ചേട്ടനെയും ചേച്ചിയെയും തന്നത് ആരാണ്?
4. നമ്മെ സ്നേഹിച്ചുകൊണ്ട് നമ്മുടെ വീട്ടിൽ നിത്യം വസിക്കുന്നതാര്?
5. നിങ്ങൾ കളിക്കുന്നിടത്തും പഠിക്കുന്നതിടത്തും ദൈവമുണ്ടോ?

# STD - I

## അദ്ധ്യാപക സഹായി

## പാഠം – പത്ത്     നമ്മുടെ വീട് ദൈവഭവനം   ഭാഗം – രണ്ട്

### ലക്ഷ്യം

നമുക്ക് എല്ലാവർക്കും വീട് നൽകി, നമ്മുടെ കൂടെ വസിച്ചുകൊണ്ട് നമ്മെ സ്നേഹിച്ചുകൊണ്ടിരിക്കുന്ന നല്ല ദൈവത്തെ നാം എപ്പോഴും ഓർക്കുന്നു. ദൈവത്തോട് നന്ദി പറഞ്ഞു പ്രാർത്ഥിക്കണം. ഞാൻ എല്ലാ ദിവസവും കുടുംബപ്രാർത്ഥനയിൽ പങ്കുചേർന്ന് ദൈവത്തിന് സ്തുതിയും നന്ദിയും അർപ്പിക്കും.

### പഠനസഹായികൾ

* ചിത്രം – കുടുംബത്തിൽ എല്ലാവരുമൊത്ത് പ്രാർത്ഥിക്കുന്നതിന്റെ
* വീഡിയോ ക്ലിപ്പ് – രാവിലെ എഴുന്നേൽക്കുമ്പോഴും, രാത്രി കിടക്കുമ്പോഴും, ഭക്ഷണം കഴിക്കുന്നതിനുമുമ്പും, പഠിക്കുന്നതിനു മുമ്പും, വീട്ടിൽനിന്ന് പുറത്തേക്ക് പോകുമ്പോഴും, തിരിച്ചുവരുമ്പോഴും ദൈവത്തോട് പ്രാർത്ഥിക്കുന്നത് (യൂട്യൂബ്)
* വചനം എഴുതിയ കളർ ചാർട്ട് – ലൂക്ക. 24:29, എഫേ 6:1

### പാഠത്തിന്റെ ഉള്ളടക്കം

* നമുക്ക് എല്ലാം നൽകിയ നല്ല ദൈവത്തെ നാം എപ്പോഴും ഓർക്കണം.
* രാത്രി കിടക്കുമ്പോഴും, രാവിലെ ഉണരുമ്പോഴും ദൈവത്തോടു പ്രാർത്ഥിക്കണം. എന്ത് ചെയ്യുന്നതിനു മുമ്പും പ്രാർത്ഥിക്കണം.
* കുടുംബപ്രാർത്ഥനയിൽ എല്ലാ ദിവസവും പങ്കെടുക്കണം.
* നമ്മുടെ കുടുംബത്തിലെ അംഗങ്ങളുടെ പേര് പറഞ്ഞ് പ്രാർത്ഥിക്കണം.
* മാതാപിതാക്കന്മാരെ അനുസരിക്കണം.
* ദൈവം നൽകിയ വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം.
* നമുക്ക് പാടാം – എന്തു നല്ല വീട്, ഞാൻ പിറന്ന വീട്...
* ഉണ്ണിക്കവിത – ഉണ്ണി പറഞ്ഞു നമ്മോട്; വീടിനു നന്മ വരുത്തീടു.

### പ്രാർത്ഥന

കർത്താവായ ദൈവമേ, ഞങ്ങളുടെ ഭവനത്തിൽ നിത്യം വസിക്കണമേ. ഞങ്ങൾ എപ്പോഴും അങ്ങയെ സ്തുതിച്ചുകൊണ്ട് നന്ദിയോടെ പ്രാർത്ഥിക്കുവാൻ വേണ്ട കൃപ നൽകി അനുഗ്രഹിക്കണമേ. ആമ്മേൻ.

## ചോദ്യങ്ങൾ

1. എപ്പോഴെല്ലാമാണ് നാം പ്രാർത്ഥിക്കേണ്ടത്?
2. കുട്ടികളെ, കർത്താവിൽ നിങ്ങൾ ആരെ അനുസരിക്കണമെന്നാണ് ദൈവവചനത്തിൽ പറയുന്നത്?
3. ദൈവം തന്ന വീടും, നിങ്ങളുടെ മുറിയും പരിസരവും എങ്ങനെയാണ് സൂക്ഷിക്കേണ്ടത്?
4. ഉണ്ണിക്കവിത ചൊല്ലുക - ഉണ്ണി പറഞ്ഞു നമ്മോട് : വീടിനു........... ................?
5. ഞാൻ പിറന്ന വീടിനെക്കുറിച്ചുള്ള പാട്ടുപാടുക.